# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:992.

05.02.2020-ലെ മറുപടി

## കിളിമാനൂർ കുടിവെള്ള പദ്ധതിയ്ക്കായി തടയണ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കിളിമാനൂർ കുടിവെള്ള പദ്ധതിക്കായി വാമനപുരം ആറ്റിലെ കാരേറ്റ് തടയണ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി കൈക്കൊണ്ട നടപടി വിശദമാക്കുമോ; | (എ) | കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് സ്റ്റേറ്റ് പ്ലാൻ സ്കീമിലുൾപ്പെടുത്തി 3100 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പദ്ധതി കമ്മീഷൻ ചെയ്ത് ജല വിതരണം നടത്തി വരുന്നു. ഈ പദ്ധതിയുടെ സ്രോതസ്സിലെ ജല ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കാരേറ്റ് പാലത്തി- നടുത്ത് വാമനപുരം നദിയിൽ ഒരു തടയണ നിർമ്മിക്കുന്നതിന് വേണ്ടി 440 ലക്ഷം രൂപയുടെ ഒരു എഞ്ചിനീയറിംഗ് റിപ്പോർട്ട് ഭരണാനുമതിക്കായി 2016 എസ്.എൽ.എസ്. എസ്.സി-യിൽ സമർപ്പിച്ചെങ്കിലും അനുമതി ലഭിക്കുകയുണ്ടായില്ല. അതിനു ശേഷം വാമനപുരം ആറ്റിൽ തടയണ നിർമ്മാണം ഇറിഗേഷൻ വകുപ്പ് മുഖേന കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി ചെയ്യുവാനുള്ള ഗവൺമെന്റ് തീരുമാനത്തെ തുടർന്ന് ഇതുമായി ബന്ധപ്പെട്ട നടപടികൾ ജലസേചന വകുപ്പ് കൈകൊണ്ടു വരുന്നു . |
| (ബി) | തടയണ നിർമ്മാണം എന്ന് മുതൽ ആരംഭിക്കാനാകും; വ്യക്തമാക്കുമോ? | (ബി) | ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കിളിമാനൂർ കുടിവെള്ള പദ്ധതിക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ ജലസേചന വകുപ്പിലെയും വാട്ടർ അതോറിറ്റിയിലെയും ഉദ്യോഗസ്ഥർ സംയുക്ത പരിശോധന നടത്തി കാരേറ്റ് പാലത്തിന് ഏകദേശം 50 മീറ്റർ മുകൾ ഭാഗത്തായി വാമനപുരം നദിയിൽ തടയണ നിർമ്മിക്കുന്നതിനായി 4.78 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി തുടർ നടപടി സ്വീകരിച്ചു വരുന്നു.<br>പ്രസ്തുത ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി, തടയണ രൂപകൽപന ലഭ്യമാക്കിയാൽ മാത്രമേ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ